"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - മ്യൂസിയം - ബേക്കറി - പനവിള - തമ്പാനൂർ - ഓവർബ്രിഡ്ജ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 909/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2539/2025/LSGD** **തീയതി,തിരുവനന്തപുരം, 20-10-2025**

പരാമർശം:-
1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 909/2009 നമ്പർ കേസിന്മേലുള്ള 30/03/2019 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/09/2025 തീയതിയിലെ എ3/1830/2019/ടിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം - ബേക്കറി - പനവിള - തമ്പാനൂർ - ഓവർബ്രിഡ്ജ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 0.33 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 909/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,889/- രൂപ (അയ്യായിരത്തി എണ്ണൂറ്റി എൺപത്തിയൊമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം - ബേക്കറി - പനവിള - തമ്പാനൂർ - ഓവർബ്രിഡ്ജ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 1068/A1-5-ൽ ഉൾപ്പെട്ട 0.33 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമകളായ ശ്രീ. പി. കെ. ശ്രീധരൻപിള്ള, ശ്രീമതി എസ്. ലീലാമ്മ, ശ്രീമതി എൽ. ശ്രീലത, ശ്രീമതി എൽ. ശ്രീലേഖ എൽ.ശ്രീലാജി, ശ്രീമതി ഭാവിക നായർ എന്നിവർ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 909/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,889/- രൂപ (അയ്യായിരത്തി എണ്ണൂറ്റി

എൺപത്തിയൊമ്പത് രൂപ മാത്രം) '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/304/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 22-10-2025 11:30:49

സെക്ഷൻ ഓഫീസർ